# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 30

# വാർത്താക്കുറിപ്പ്

## പരീക്ഷ 26 ന്

അഫിലിയേറ്റഡ് കോളേജുകളിൽ ഇക്കഴിഞ്ഞ ജനവരി 29ന് നടത്താൻ നിശ്ചയിച്ചിരുന്നതും റദ്ദാക്കിയതുമായ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്) ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) - 'എഫ്.എൽ.-13 കോൺസ്റ്റിറ്റ്യൂഷണൽ ലോ 1' എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 26ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1007/2021)

## പരീക്ഷകേന്ദ്രം

ഒന്നും രണ്ടും സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2018, 2017, 2016, 2015 അഡ്മിഷൻ - സപ്ലിമെന്ററി/ 2014 അഡ്മിഷൻ - മേഴ്സി ചാൻസ്/ 2004-2011 അഡ്മിഷൻ - നോൺ സി.എസ്.എസ്., റഗുലർ (കോളേജ് സ്റ്റഡി) അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷകളുടെ പരീക്ഷകേന്ദ്രങ്ങളുടെ പട്ടിക സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെന്ററുകളിൽ നിന്നും ഹാൾടിക്കറ്റവാങ്ങി വിജ്ഞാപനത്തിൽ പറയുന്ന കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം. ഹാൾടിക്കറ്റുകൾ ഒക്ടോബർ നാലുമുതൽ ലഭിക്കും.

(പി.ആർ.ഒ/39/1008/2021)

## പുതുക്കിയ പരീക്ഷ തീയതി

ഒക്ടോബർ അഞ്ചിന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ/2019, 2018, 2017 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ് സി. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ - റഗുലർ/2019 അഡ്മിഷൻ - റീഅപ്പിയറൻസ് മാത്രം) ബിരുദ പരീക്ഷകൾ ഒക്ടോബർ 29ന് നടക്കും. മറ്റ് പരീക്ഷകളുടെ തീയതി, സമയം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/1009/2021)

## പരീക്ഷഫലം

ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് നടത്തിയ മൂന്നാം സെമസ്റ്റർ എം.പി.ഇ.എസ്. (സി.എസ്.എസ്., 2019-2021 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1010/2021)

ഇക്കഴിഞ്ഞ ജനവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (എം.എച്ച്.ആർ.എം. - പുതിയ സ്കീം - 2019 അഡ്മിഷൻ - റഗുലർ/ 2018 അഡ്മിഷൻ - സപ്ലിമെന്ററി, 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1011/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് - സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16

# പടരുന്ന അസമത്വത്തിന് കാരണം നവലിബറൽ പരിഷ്കാരങ്ങൾ - പ്രഭാത് പട്നായിക്

നവലിബറൽ പരിഷ്കാരങ്ങളെ പാടി പുകഴ്ത്തുന്നവർ സമൂഹത്തിൽ വൻതോതിൽ പടരുന്ന സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് നേരെ കണ്ണടയ്ക്കുകയാണെന്ന് പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷനുമായ പ്രഭാത് പട്നായിക്. ഇന്ത്യയും മറ്റ് ചില രാജ്യങ്ങളും നടപ്പാക്കിയ ഉദാരവത്ക്കരണ നയങ്ങൾ പൗരന്മാർക്കിടയിൽ അവരുടെ വരുമാനത്തിലും സമ്പത്തിലും വൻതോതിലുള്ള അസമത്വങ്ങളാണ് സൃഷ്ടിച്ചത്. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ റിസർച്ച് ആന്റ് എക്സ്റ്റൻഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്ലോബൽ സൗത്ത് സ്റ്റഡീസ് എന്ന സ്ഥാപനവുമായി സഹകരിച്ച് ഓൺലൈനായി സംഘടിപ്പിച്ച ആദ്യത്തെ ഇമ്മാനുവൽ വാലൻസ്റ്റിൻ സ്മാരക പ്രഭാഷണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'സാമ്പത്തിക ഉദായവത്ക്കരണത്തിന്റെ 30 വർഷങ്ങൾ' എന്നതായിരുന്നു പ്രഭാഷണത്തിന്റെ വിഷയം.

പരിഷ്കാരങ്ങൾ ലക്ഷക്കണക്കിനാളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റി എന്ന അവകാശവാദം ഉയർത്തുന്നവർ ഇക്കാലയളവിലുണ്ടായ തിരിച്ചടികൾക്ക് സാമ്പത്തിക മാന്ദ്യത്തേയും മഹാമാരിയെയും കുറ്റപ്പെടുത്തി തലയൂരുകയാണ്. വസ്തുതകൾക്ക് നിരക്കാത്ത ഇത്തരം വാദഗതികൾ തള്ളിക്കളയേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. മഹാമാരി പൊട്ടിപ്പുറപ്പെടുന്നതിന് മുമ്പുതന്നെ രാജ്യത്തെ തൊഴിലില്ലായ്മ കഴിഞ്ഞ 45 വർഷങ്ങളിലെ ഏറ്റവും ഉയർന്ന നിലയിലായിരുന്നു. സാമ്പത്തികമായി തളർന്ന ഒരു ജനസമൂഹത്തെ മഹാമാരി തകർച്ചയിലേക്ക് നയിച്ചു എന്നതാണ് വസ്തുത. സാധാരണക്കാരും തൊഴിലാളികളും സാമ്പത്തിക പ്രശ്നങ്ങളിൽപ്പെട്ട് നട്ടംതിരിയുന്ന ഇക്കാലയളവിൽത്തന്നെ മൂലധന-ഫാസിസ്റ്റ് ശക്തികൾ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പരസ്പരം കൈകോർക്കുന്ന സ്ഥിതിവിശേഷം ആശങ്കാജനകമാണ്. നവലിബറൽ പരിഷ്ക്കാരങ്ങൾ തുടങ്ങിയതിനുശേഷമുള്ള കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനുള്ളിൽ രാജ്യത്ത് മൂന്ന് ലക്ഷത്തിലധികം കർഷകരാണ് ആത്മഹത്യ ചെയ്തത് എന്ന വസ്തുത വിരൽചൂണ്ടുന്നത് കർഷകരേയും തൊഴിലാളികളേയും പോലുള്ള അടിസ്ഥാന വിഭാഗങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥയിലേക്കാണ്. ഒരുവശത്ത് സബ്സിഡി ഉൾപ്പെടെ സർക്കാരിന്റെ എല്ലാവിധത്തിലുമുള്ള പിന്തുണയും നഷ്ടപ്പെടുന്ന കർഷകർ മറുവശത്ത് കോർപ്പറേറ്റ് ശക്തികളുടെ വൻതോതിലുള്ള ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും പ്രൊഫ. പട്നായിക് ചൂണ്ടിക്കാട്ടി.

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.)ലെ ഡോ. കെ.എൻ. ഹരിലാൽ അധ്യക്ഷത വഹിച്ചു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ പോർ സോഷ്യൽ റിസർച്ച് ആന്റ് എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. കെ.എം. സീതി, ഡോ. മാത്യുവർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1013/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ